## മഹാത്മാഗാന്ധി ദശേീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിററ്റിപ്പോർട്ട്

## മംഗലാപുരം ഗ്രാമപഞ്ചായത്ത്


### വാർഡ് നമ്പർ 15(മുണ്ടയ്ക്കൽ)

**പോത്തൻ** **കോട്**

**ബ്ലോക്ക്**

**തിരുവനന്ത**

**പുരം ജില്ല**




**സോഷ്യൽ** **ഓഡിററ്**

**ഗ്രാമസഭ** **18/10/2019**

**ഹോമിയോ** **ആശുപത്രി**

**മുളമൂട്**

മഹാത്മാഗാന്ധി ദശേീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിററ് സൊസൈററി കരേള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@gmail.com

# തിരുവനന്തപുരം ജില്ല

# പോത്തൻകോട് ബ്ലോക്ക്

# മംഗലാപുരം ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 15

# മുണ്ടയ്ക്കൽ

# <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ്പനിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് നിയമം പാസ്സാക്കി . 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യം ലഘൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാർ ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു. തൊഴിൽ ഉറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ

പോത്തൻകോട് ബ്ലോക്കിൽ മംഗലാപുരം പഞ്ചായത്തിൽ ആകെ7033 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 1866 ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ഉണ്ട്. 15 വാർഡായ മുണ്ടയ്ക്കൽ ആകെ 281 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 57 ഉം ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ആണ്.തൊഴിലാളിക ളുടെ പത്ത് അവകാശങ്ങൾ

തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം

തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം.

കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാൻ ആയ തുടങ്ങിയ പ്രവർത്തി സ്ഥല സൗകര്യങ്ങൾ ക്കുള്ള അവകാശം.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.

തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കാനുള്ള അവകാശം.

15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.

പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചിലവ് വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവൃത്തിയുടെ പേര് :ഭൂ സംരക്ഷണം, ലൈഫ് ഭവന നിർമ്മാണം

ഭൂ സംരക്ഷണവുമായി ബന്ധപ്പെട്ട 6 ഫയലുകൾ

LD/324010-ഭൂ സംരക്ഷണം

DP/279119- ഭൂ സംരക്ഷണം

IF/131762- ഭവനനിർമ്മാണം

IF/3513- ഭവനനിർമ്മാണം

IF/130786- ഭവനനിർമ്മാണം

IF/274088- ഭവനനിർമ്മാണം

IF/370997- ഭവനനിർമ്മാണം

പരിശോധിച്ചതിൽ നിന്നും

കവർ പേജ്

AMC പ്രകാരമുള്ള രേഖകൾ അടങ്ങിയ കവർപേജ് ഉണ്ടായിരുന്നു. ജിയോ ടാഗിംഗ് അസറ്റ് ഐഡി , വർക്ക് അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

ചെക്ക് ലിസ്റ്റ്

ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു. പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഉൾപ്പെടുത്തിയിരുന്നില്ല.

സാങ്കേതിക അനുമതി ഉണ്ടായിരുന്നു.എന്നാൽ secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ഇല്ലായിരുന്നു.

ഭരണാനുമതി ഉൾപ്പെടുത്തിയിരുന്നില്ല.

ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരുന്നു.

ഡ്രോയിങ്ങ്സ് ആൻഡ് ഡിസൈൻ ഉൾപ്പെടുത്തിയിരുന്നില്ല.

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഉൾപെടുത്തിയിരുന്നില്ല.

ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉൾപ്പെടുത്തിയിരുന്നില്ല.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉൾപ്പെടുത്തിയിരുന്നില്ല.

വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു.

മസ്റ്റർ റോൾ

മസ്റ്റർ റോളിൽ ഒന്നും തന്നെ വർക്ക് സ്റ്റാർട്ട് ഡേറ്റ്, പഞ്ചായത് സെക്രട്ടറി സൈൻ, സീൽ, ആകെ വേതനം, ഷാർപെനിംഗ് ചാർജ് എന്നിവ ഇല്ലായിരുന്നു. ചില മസ്റ്റർ റോളുകളിൽ വെട്ടിതിരുത്ത് കാണപ്പെട്ടു.

- LD/324010 ഭൂ സംരക്ഷണ പ്രവർത്തിയിൽ മസ്റ്റർ റോൾ നമ്പർ 16894 ൽ 015/171 ഷൈലജ മൂന്നാമത്തെ ദിവസത്തെ ഒപ്പ് ഇട്ടിട്ട് അപ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു, ഹാജർ രണ്ട് എന്ന് കാണിച്ചിരിക്കുന്നു. മസ്റ്റർ റോൾ ചെക്ക് ചെയ്ത ആൾ തിരുത്തി 1 എന്ന് എഴുതിയിരിക്കുന്നു. മസ്റ്റർ റോൾ നമ്പർ 16895, 16896 രണ്ടാമത്തെ ദിവസത്തെ ഒപ്പ് എല്ലാവരുടെയും വെട്ടിയിരിക്കുന്നു.

മസ്റ്റർ റോൾ 16896 ൽ 016/281 നിർമ്മല നാലാമത്തെ ദിവസത്തെ ഒപ്പിട്ടിട്ട് അപ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

മസ്റ്റർ റോൾ 16028 ൽ 015/6 ബേബി. ജെ ഒപ്പിട്ടിട്ട് അപ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ആ ദിവസം ഉൾപ്പെടുത്തി 6 ദിവസത്തെ ഹാജർ രേഖപെടുത്തിയിരിക്കുന്നു.

- വർക്ക് കോഡ് IF/351326 മസ്റ്റർ റോൾ 5752 ൽ എല്ലാ ദിവസത്തെയും ഒപ്പിട്ട് ക്യാൻസൽ ചെയ്തിരിക്കുന്നു.

- DP/279119 ഭൂ സംരക്ഷണം പ്രവർത്തിയിൽ മസ്റ്റർ റോൾ 26092 ൽ 015/ 67 തങ്കമണി, 015/876 വത്സല ഒരു ദിവസത്തെ ഒപ്പു വെട്ടി ആപ്സന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

- വർക്ക് കോഡ് IF/351326 ഇന്ദിര 14 ദിവസത്തെ വേജ് ലിസ്റ്റിൽ ഷാർപനിംഗ് ചാർജ് ഉൾപ്പെടുത്തിയിട്ടില്ല എന്നാൽ m.ബുക്കിൽ ഷാർപനിംഗ് ചാർജ് കാണിച്ചിരിക്കുന്നു.

വർക്ക് കോഡ് IF/274088 വിജി.ആർ 90 ദിവസത്തെ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 28 ദിവസത്തെ വേജ് ലിസ്റ്റ് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. M.ബുക്കിൽ 28 ദിവസത്തേക്ക് 258 രൂപ നിരക്കിലും 62 ദിവസത്തേക്ക് 271 രൂപ നിരക്കിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

- DP/279119 ആകെ തൊഴിൽ ദിനം 273 എന്നാൽ 73 ദിവസത്തെ വേജ് ലിസ്റ്റ് മാത്രമേ ഉൾപടുത്തിയിട്ടുള്ളു.

ജിയോടാഗ്ട് ഫോട്ടോഗ്രാഫ് ഉൾപടുത്തിയിരുന്നില്ല.

ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫിനു പകരം പ്രവർത്തി നടക്കുന്ന സമയത്തെ 3 ഫോട്ടോഗ്രാഫ് ആണ് ഫയലുകളിൽ ഉൾപ്പെടുത്തിയിരുന്നത് .

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ലായിരുന്നു.

സൈറ്റ് ഡയറി ഉണ്ടായിരുന്നു.

M.ബുക്ക് എല്ലാ ഫയലിലും ഉൾപ്പെടുത്തിയിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ മുണ്ടയ്ക്കൽ വാർഡിൽ നടന്ന തൊഴിലുറപ്പ് പ്രവർത്തികളുടെ ഫീൽഡ് പരിശോധനയിൽ ഫീൽഡുകൾ കാടുകയറിയ നിലയിലാണ് കാണപ്പെട്ടത്. ഫീൽഡ് ഇടിച്ചു നിരത്തിയ നിലയിലും കാണുകയുണ്ടായി. ഭവന നിർമാണ പ്രവർത്തികളുടെ ഫയലുകളാണ് കൂടുതലും ഉൾപ്പെട്ടത് ഓരോ സൈറ്റിലും എത്തി തൊഴിലാളികളുടെ തൊഴിൽ കാർഡുകൾ പരിശോധിക്കുകയും അവരുമായി സംസാരിക്കുകയും 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു. തൊഴിലാളികൾക്കാർക്കും 10 അവകാശങ്ങളെപ്പറ്റി കാര്യമായി അറിവില്ലായിരുന്നു. തൊഴിൽ കാർഡ് അപൂർണമായിരുന്നു . തൊഴിൽ കാർഡ് വിവരങ്ങൾ രേഖപ്പെടുത്തേണ്ട രീതി പറഞ്ഞു കൊടുത്തു. ഒരു സൈറ്റിലും ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടായിരുന്നില്ല. ആദ്യകാലങ്ങളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയ പൈസ തിരികെ ലഭിക്കാത്തതുകൊണ്ടാണ് ഇപ്പോൾ ഫസ്റ്റ് എയ്ഡ് ബോക്സ് വയ്ക്കാത്തത് എന്നാണ് അവർ അറിയിച്ചത്. തണൽ സൗകര്യത്തിന് ടാർപോളിൻ ലഭ്യമായിരുന്നില്ല. ഇതുവരെയും ഫസ്റ്റ് എയ്ഡ് ബോക്സിനും സി ഐ ബി രൂപീകരിക്കുന്നതിനും ചിലവായ തുകയൊന്നും തിരികെ ലഭിച്ചിട്ടില്ല എന്നും അറിയാൻ കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 100 പണി ആർക്കുംതന്നെ ലഭിച്ചില്ല. ഭവന നിർമാണ പ്രവർത്തിയിൽ ഏർപ്പെട്ടവർക്കുമാത്രമാണ് 100 പണി ലഭിച്ചത്.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കരട് റിപ്പോർട്ട്

## മംഗലപുരം ഗ്രാമ പഞ്ചായത്ത്

## മുണ്ടയ്ക്കൽ വാർഡ് 15

## തീയതി :18/10/2019

## സമയം :3.00pm

## സ്ഥലം : ഹോമിയോ ആശുപത്രി, മുളമൂട്

**അജണ്ട :**

**അധ്യക്ഷയെ തിരഞ്ഞെടുക്കൽ**

**ഈശ്വര പ്രാർത്ഥന**

**ഭരണഘടന പ്രതിജ്ഞ**

**സ്വാഗതം**

**റിപ്പോർട്ട് അവതരണം**

**ചർച്ച**

**തീരുമാനം**

**കൃതജ്ഞത**

പോത്തൻകോട് ബ്ലോക്കിൽ മംഗലാപുരം പഞ്ചായത്തിലെ മുണ്ടയ്ക്കൽ വാർഡിലെ 2018-2019 കാലയളവിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആദ്യമായി ആദ്യക്ഷയെ തിരഞ്ഞെടുത്തു ശേഷം ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. ഭരണഘടന പ്രതിജ്ഞ എല്ലാരും ഏറ്റു ചൊല്ലി. വാർഡ് മെമ്പർ സ്വാഗതം പറഞ്ഞു. ശേഷം തൊഴിലാളികൾക്ക് അവരുടെ 10 അവകാശങ്ങൾ ആദ്യംതന്നെ പറഞ്ഞു കൊടുത്തു. അതിനു ശേഷം റിപ്പോർട്ട് അവതരിപ്പിച്ചു.

**ചർച്ച**

സാവിത്രി :കൃഷി ചെയ്യുന്നതിന്റെ ആദായം ലഭിക്കുന്നില്ല

ജയ :പാട്ട കൃഷിക്ക് ഏർപ്പെട്ടവരാരും തുടർന്നുള്ള പരിപാലനത്തിൽ ഏർപ്പെടുന്നില്ല.

മെമ്പർ :ഇതിനു മറുപടിയായി എല്ലാവരും തുല്യമായി ജോലിയിൽ ഏർപ്പെടണമെന്നും ആദായം തുല്യമായി വീതിക്കണമെന്നും വിശദമാക്കി.

വിനോദിനി : ശമ്പളം കൂട്ടണം

ലീലീന (മേറ്റ് ):തൊഴിൽ ദിനങ്ങൾ കൂട്ടണം

സരിത :കുട്ടികളെ വിളിക്കാൻ സമയം അനുവദിക്കണം.

AE അവരോട് മറുപടി പറഞ്ഞു. ഭൂ വികസനത്തിനോ പാട്ടകൃഷിക്കോ ആവശ്യമായ ഭൂമിയുടെ കരം തീരുവ കിട്ടിയാൽ ഉടൻ ജോലി തുടങ്ങാമെന്ന് അറിയിച്ചു. എന്നാൽ ഭൂമിയുടെ കരം തീരുവ കിട്ടുന്നില്ല എന്നും ഇപ്പൊ കുറച്ചു ഭൂമിയുടെ കിട്ടി അത് എത്തിച്ചിട്ടുണ്ടെന്നും തൊഴിലാളികൾ അറിയിച്ചു. ഉടനെ ജോലി തുടങ്ങാനുള്ള നടപടി ചെയ്യാമെന്ന് AE അറിയിച്ചു

മുണ്ടയ്ക്കൽ വാർഡിൽ 57 ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബമാണ് ഉള്ളത്. എന്നിട്ടും 100 തൊഴിൽ കിട്ടിയത് ഭവന നിർമാണത്തിൽ 90 ദിന മസ്ട്രോൾ ഒപ്പിട്ടവർക് മാത്രമായിരുന്നു. അവരുടെ ആവശ്യം അവർക്ക് 100 തൊഴിൽ ദിനം ലഭിക്കണം എന്നതായിരുന്നു തൊഴിലാളികളുടെ ആവശ്യം. തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ചു ജീവിക്കുന്നവരായിരുന്നു അവർ. അവർക്ക് മറ്റു വരുമാന മാർഗങ്ങൾ ഇല്ല. ചർച്ചക്ക് ശേഷം റിപ്പോർട്ട് കയ്യടിച്ചു സ്വീകരിച്ചു. തുടർന്ന് ഡാറ്റ എൻട്രി ഓപ്പറേറ്റർ നന്ദി പറഞ്ഞു. ദേശീയഗാനം പാടിയ ശേഷം അദ്ധ്യക്ഷ യോഗം പിരിച്ചുവിട്ടു.